നം.കെ.എസ്.എ.പി.റ്റി.എ./പി4/1031/17 തീയതി:15.09.2017

<u>പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.09.2016മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28.07.2017മുതൽ 03.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി. പി.കെ .വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്ര)<br>ശ്രീമതി. സജിതാദാസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ. അരുൺ.പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. സുനിൽകുമാർ.യു.എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശ്രീലേഖ രഘുനാഥ് | 01.04.2016-31.03.2017 |
| സെക്രട്ടറി | ശ്രീമതി. എൻ.എ.ടെസ്സീല | 01.04.2016-30.09.2016 F.N |
| | ശ്രീ. പ്രദീപ്.ടി.ജി, അസി.സെക്രട്ടറി | 01.10.2016-14.10.2016 F.N (അഡീ.ചാർജ്ജ്) |
| | ശ്രീമതി. ബിന്ദു.എ.ജോയി | 15.10.2016- 31.03.2017 |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം

| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം-2 | |
| 11 | ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല | 2-1 |
| 12 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതു വരെ തിരികെ ലഭിച്ചില്ല | 2-2 |
| 13 | ഡി ആന്റ് ഒ ലൈസൻസ് വിതരണത്തിലെ അപാകതകൾ | 2-3 |
| 14 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല | 2-4 |
| 15 | വാടകയിനത്തിൽ ലഭിക്കാനുള്ളത് 98796/-രൂപ | 2-5 |
| 16 | വാർദ്ധക്യകാല പെൻഷൻ - അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതരവീഴ്ച | 2-6 |
| | ഭാഗം 3 | |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - മുൻ വർഷങ്ങളിലെ കോഴ്സ് സർട്ടിഫിക്ക റ്റിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നു | 3-1 |
| 18 | ബ്ലോക്ക് വിഹിതം തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു | 3-2 |
| 19 | വനിതാ വിപണന കേന്ദ്രം അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ - 3.89 ലക്ഷം രൂപ ജലരേഖയായി | 3-3 |
| 20 | പരിയത്ത് പടി വട്ടോലിപടി റോഡ് കോൺക്രീറ്റിംഗ്-അപാകതകൾ | 3-4 |
| 21 | കടിവെള്ള പദ്ധതി വാർഡ് 8-എം ബുക്കിൽ | 3-5 |

| | | |
|---|---|---|
| | വെട്ടിത്തിരുത്തലുകൾ | |
| 22 | അംഗൻവാടി ചുറ്റമതിൽ നിർമ്മാണം- നികുതി ഒടുക്കിയിട്ടില്ല | 3-6 |
| 23 | കട്ടവംപാറ കുടിവെള്ള പദ്ധതി- മൂല്യനിർണ്ണയത്തിൽ അധികരിച്ച് തുക പിൻവലിച്ചു | 3-7 |
| 24 | മറ്റു വകുപ്പുകളിൽ/സർക്കാരിലേക്ക് ഒടുക്കേണ്ടുന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ നിലനിൽക്കുന്നു. | 3-8 |
| 25 | പദ്ധതി വിഹിതം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 3-9 |
| 26 | പദ്ധതി വിഹിതം കൈമാറാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നു | 3-10 |
| 27 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ | 3-11 |
| 28 | ആശുപത്രികൾക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 3-12 |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 30 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച | റിവൈസ്ഡ് ബജറ്റ് |
|---|---|---|

| | തീയതി, തീരുമാന നം. | അംഗീകരിച്ച തീയതി |
|---|---|---|
| 2016-17 | 03.03.2016(I) | ഇല്ല |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| മുന്നിരിപ്പ് | 15792914 | 2800612 | 12992302 | -82.36 |
| വരവ് | 61029000 | 34965850 | 26063150 | -42.70 |
| ആകെ | 76821914 | 37766462 | 39055452 | -50.83 |
| ചെലവ് | 71414436 | 31411285 | 40003151 | -56.01 |
| നീക്കിയിരിപ്പ് | 5407478 | 6355177 | 947698 | +17.52 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്കായി ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. 2016-17 വർഷത്തെ ബജറ്റ് 26.02.2016 ലെ ധനകാര്യകമ്മിറ്റി കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും 03.03.2016 ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. യഥാർത്ഥ വരവ് ബജറ്റിലെ പ്രതീക്ഷിത വരവിൽ നിന്നും കുറവാണ്. ബജറ്റ് പ്രതീക്ഷിത ചെലവും യഥാർത്ഥ ചെലവും തമ്മിലും ഈ വ്യത്യാസം പ്രകടമാണ്. യഥാർത്ഥ ചെലവ് ബജറ്റ് പ്രതീക്ഷിത ചെലവിനേക്കാൾ കുറവാണ്. പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് ഭാവിയിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 22.06.17 |

## 1-3 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും സൂക്ഷ്മപരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. B4 ഷെഡ്യൂളിൽ joint venture project – block panchayath ആയി 75000 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 13-14 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ശിങ്കാരിമേളം പദ്ധതിക്കായി ലഭിച്ചിരുന്ന 125000 രൂപ ഇതേ

വരെയും ചെലവഴിച്ചിട്ടില്ല. 125000 രൂപക്ക് പകരമാണ് 75000 എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.

2. സഞ്ചയ- സാംഖ്യ ഇന്റഗ്രേഷൻ പൂർണ്ണമായിട്ടില്ല. വസ്തു നികുതി സംബന്ധിച്ച ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കുകളുമായി പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

3. ജീവനക്കാരുടെ തൊഴിൽ നികുതി I-1 ഷെഡ്യൂളിൽ 453000 എന്നും RP ഷെഡ്യൂളിൽ 425750 എന്നുമാണുള്ളത്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

4. മുൻ വർഷങ്ങളിലെ ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. അവ ശേഖരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ഇപ്പോഴും പ്രാവർത്തികമാക്കിയിട്ടില്ല. ഭൂമിയുടെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ്പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 2800612/- |
| വരവ് | 34965850/- |
| ആകെ | 37766462/- |
| ചെലവ് | 31411285/- |
| നീക്കിയിരിപ്പ് | 6355177 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 7846054 | 7846054 | 5804507 | 73.97 |
| വികസനഫണ്ട് എസ്.സി.പി. | 5468997 | 5468997 | 2840647 | 51.94 |
| വികസനഫണ്ട് ടി.എസ്.പി. | 129984 | 129984 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4399620 | 4399620 | 3849937 | 87.50 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 6378075 | 6378075 | 4137720 | 64.87 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 2554755 | 2554755 | 1719093 | 67.29 |

*19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം 2015-16 വർഷം മുതൽ വികസന ഫണ്ട്/മെയി.ഗ്രാന്റ് എന്നിവയ്ക്ക് നീക്കിയിരിപ്പ് ഇല്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (ബഹുവർഷ പ്രോജക്ടുകൾ) | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 107 | 32560545 | 75 | 19406865 | 8 | 30 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| ഉല്പാദനം | 4065041 | 1716361 |
| സേവനം | 17955003 | 11339276 |
| പശ്ചാത്തലം | 10540501 | 6351228 |
| ആകെ | 32560545 | 19406865 |

ലഭ്യമായ വികസന ഫണ്ടിന്റെ 74% ചെലവഴിക്കുവാൻ കഴിഞ്ഞു.റോഡിതര മെയിന്റനൻസ് ഫണ്ട് 67.28 ശതമാനവും റോഡ് മെയിന്റനസ് ഫണ്ട് 65 ശതമാനവും ചെലവഴിച്ചു. ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല. എന്നാൽ തനത് വരുമാനത്തിലുള്ള കുറവ് മൂലം ഗ്രാമപഞ്ചായത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്.

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 2658239 | 3097101 | (+) 438862 |
| നികുതിയേതര വരവുകൾ | 717101 | 667818 | (-) 49283 |
| ആകെ | 3375340 | 3764919 | (+) 389579 |

തനത് വരവിൽ മുൻവർഷത്തെ അപേക്ഷിച്ച് വർധനവുണ്ടായത് ശ്ലാഘനീയമാണ്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 255 | 196350/- |
| വിധവാ പെൻഷൻ | 458 | 4041930/- |
| വാർദ്ധക്യകാല പെൻഷൻ | 1612 | 16562825/- |
| വികലാംഗ പെൻഷൻ | 195 | 1783845/- |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (>50) | 16 | 132980/- |
| തൊഴിൽ രഹിത വേതനം | 46 | 56160/- |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.08.2017-ൽ 03.30 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 12768/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03/17 | 01/2017 | 22.05.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.2014-07.02.2014 | 2012-13 | 21.04.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15-പ്രകാരം, കെട്ടിട നിർമ്മാണം നടത്തുന്നതിന് അനുമതിയ്ക്കായുള്ള അപേക്ഷകളിൽ, അവ ലഭിച്ച തീയതിമുതൽ 30 ദിവസത്തിനുള്ളിൽ രേഖാമൂലമുള്ള ഉത്തരവ് വഴി സെക്രട്ടറി അനുമതി നൽകുകയോ, അല്ലെങ്കിൽ 13-ാം ചട്ടപ്രകാരമുള്ള കാരണങ്ങളാൽ അനുമതി നിരസിയ്ക്കുകയോ ചെയ്യേണ്ടതും വിവരം അപേക്ഷകനെ അറിയിക്കുകയും ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | അപേക്ഷയുടെ നമ്പരും തീയതിയും | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | A3-3530/16/ 19.8.16 | സാജൻ തോമസ്<br>പാലമൂട്ടിൽ പടിഞ്ഞാറ്റേതിൽ |
| 2 | A3-3764/16/ 03.9.16 | എം.കെ.യോഹന്നാൻ |
| 3 | A3-4081/16/ | എൻ.ഡി.ശ്രീധരൻ, |

| | | |
|---|---|---|
| | 26.9.16 | മുണ്ടിയത്തറയിൽ |
| 4 | A3-4737/16/ 5.11.16 | വിജയകുമാർ, തലയാർ |
| 5 | A3-5230/16/ 8.12.16 | സണ്ണി ജോസഫ്,മഴക്കീർ മേൽ |
| 6 | A3-5250/16/ 9.12.16 | സുധാകരൻ |
| 7 | A3-5336/16/ 15.12.16 | അശോക് കുമാർ<br><br>കോയിക്കൽ പുത്തൻവീട്ടിൽ |
| 8 | A3-5340/16/ 15.12.16 | ശ്രീകുമാർ, പ്ലാംപറമ്പിൽ |
| 9 | A3-21/17/04.1.17 | ജയചന്ദ്രൻ |
| 10 | A3-54/17/05.1.17 | ശാരദ സി.കെ, കുഴക്കുത്തിൽ |
| 11 | A3-69/17/06.1.17 | കുഞ്ഞുമോൻ എബ്രഹാം |
| 12 | A3-73/17/06.1.17 | വി.സുരേഷ് കുമാർ |
| 13 | A3-92/17/07.1.17 | ശാന്തകുമാരി, കടയ്ക്കാത്തറ |

മേൽ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് 02.08.2017-ന് ഓഡിറ്റ് എൻക്വയറി (നം.09) നൽകി. ആയതിന് മറുപടിയായി ടി അപേക്ഷകൾ പ്രകാരം സ്വീകരിച്ചിട്ടുള്ള പെർമിറ്റ് ഫീസിന്റെ വിവരമാണ് ലഭ്യമാക്കിയത്. എന്നാൽ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താതിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല. മാത്രമല്ല കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കോളങ്ങൾ പലതും ഒഴിച്ചിട്ടിരിക്കുന്നതിനാൽ നിർമ്മാണത്തിനുള്ള അപേക്ഷ ലഭിച്ചതുമുതൽ കെട്ടിട നമ്പർ നല്കി നികുതി ചുമത്തുന്നതുവരെയുള്ള ഘട്ടങ്ങൾ തുടർച്ചയായി നിരീക്ഷിക്കാൻ സാധിക്കുന്നില്ല. കംപ്ലീഷൻ തീയ്യതി, നിർമ്മാണ വ്യതിയാനം നികുതി അസ്സസ് മെന്റ് നമ്പർ തുടങ്ങിയ പ്രധാന വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കേണ്ടതുമാണ്.

## 2-2 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതുവരെ തിരികെ ലഭിച്ചില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപ എന്ന്

നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്. എന്നാൽ 2016-17 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജ.നം. | അടങ്കൽ തുക | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ്(0.2%) | വാറ്റ് (5%) | ആകെ തുക |
|---|---|---|---|---|---|---|
| 1 | 99/17 | 947000 | 2 | 1894 x 2= 3788 | 189 | 3977 |
| 2 | 71/17 | 528482 | 2 | 1057 x 2= 2114 | 106 | 2220 |
| | ആകെ | | | | | 6197 |

ആകെ ഒടുക്കിയ തുക സംബന്ധിച്ച വിവരങ്ങൾ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. തുക തിരികെ വാങ്ങി ടെണ്ടർ ഫീസ് തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കേണ്ടതും വാറ്റ് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതുമാണ് .

## 2-3 ഡി ആന്റ് ഒ ലൈസൻസ് വിതരണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2016-17 സാമ്പത്തിക വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

*ലൈസൻസ് അപേക്ഷകളിൻമേൽ തുടർനടപടി സ്വീകരിച്ചില്ല*

പഞ്ചായത്തിൽ ഡി ആന്റ് ഓ ലൈസൻസിനായി 2016-17 സാമ്പത്തിക വർഷം സമർപ്പിച്ച ചുവടെ ചേർക്കുന്ന അപേക്ഷകളിൻമേൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

| ക്രമനമ്പർ | അപേക്ഷകന്റെ പേര് | ലൈസൻസിന്റെ ആവശ്യം | അപേക്ഷ സ്വീകരിച്ച തീയതി |
|---|---|---|---|
| 1 | വാസുദേവൻപിള്ള | പലചരക്ക് വ്യാപാരം | 18.06.2016 |
| 2 | ബിനു.കെ.മാത്യു | എഞ്ചിനീയറിംഗ് വർക്ക് | 29.02.2016 |
| 3 | രാജേഷ് കുമാർ | ബിനുസ്റ്റോഴ്സ്&കൂൾബാർ | 27.02.2016 |
| 4 | കൃഷ്ണകുമാർ.എം.വി | ഗ്രാമബസാർ | 29.02.2016 |
| 5 | പി.ആർ.കൃഷ്ണപിള്ള | കോട്ടക്കൽ ആര്യവൈദ്യശാല | 25.02.2016 |
| 6 | ഷൈനിജോസഫ് | റൂബി സ്റ്റോഴ്സ് | 28.06.2016 |
| 7 | മഞ്ജു വിശ്വനാഥ് | വിശ്വാസ് ബേക്കറി | 15.07.2016 |
| 8 | കെ.കെ.യോഹന്നാൻ | ബ്രിക്സ് വർക്ക് | 31.03.2016 |

മേൽ സൂചിപ്പിച്ച അപേക്ഷകളിൻമേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.അപേക്ഷകൾ നിരസിക്കുകയോ, അപാകത ചൂണ്ടിക്കാട്ടി പ്രസ്തുത വ്യക്തികൾക്ക് കത്ത് നൽകുകയോ

ചെയ്തിട്ടില്ല.അപേക്ഷകളിൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കാത്തത് ബന്ധപ്പെട്ട ജീവനക്കാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

*ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല*

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആപത്കരവും,അസഹ്യവുമായ വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് പഞ്ചായത്തിൽ ലഭ്യമല്ല.ആയതിനാൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനാകുന്നില്ല.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനും,ആയത് കാലികമാക്കി സൂക്ഷിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

*സ്ഥാപനങ്ങൾ യഥാസമയം ലൈസൻസ് പുതുക്കുന്നില്ല*

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ആകെ ലൈസൻസ് എടുത്ത 218 വ്യാപാരികളിൽ ആരും തന്നെ ഈ സമയക്രമം പാലിച്ചിട്ടില്ല. ഭൂരിഭാഗം സ്ഥാപനങ്ങളും സാമ്പത്തികവർഷം പകുതിയോടുകൂടി മാത്രമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ വ്യാപാരികളിൽ നിന്ന് ലൈസൻസിനുള്ള അപേക്ഷ സ്വീകരിച്ച് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56(b) പ്രകാരവും കേരള പി.ഡബ്ല്യൂ.ഡി കോഡ് ഖണ്ഡിക 15.4.1 പ്രകാരവും മൂന്നുവർഷത്തിലേറെ പഴക്കമുള്ള തിരിച്ചു വാങ്ങാത്ത ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതലായവ കാലഹരണപ്പെട്ട ഡെപ്പോസിറ്റായി കണക്കാക്കേണ്ടതും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മാറ്റേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല എന്നത് വ്യക്തമായി. 1995-96മുതലുള്ള തുകകൾ ഇപ്രകാരം തനത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|
| 1995-96 | 21600/- |
| 1996-97 | 6500/- |
| 1997-98 | 500/- |
| 1998-99 | 700/- |
| 2001-02 | 2096/- |

| | |
|---|---|
| 2003-04 | 350/- |
| 2004-05 | 30125/- |
| 2005-06 | 31712/- |
| 2006-07 | 120675/- |
| 2007-08 | 6804/- |
| 2008-09 | 1250/- |
| 2009-10 | 18600/- |
| 2010-11 | 6000/- |
| 2011-12 | 6465/- |
| 2012-13 | 3750/- |
| ആകെ | 2,57,127 |

## 2-5 വാടകയിനത്തിൽ ലഭിക്കാനുള്ളത് 98796/-രൂപ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറിയിൽ നിന്നും വാടകയിനത്തിൽ ഓഡിറ്റ് വർഷം 98796/-രൂപ ലഭിക്കാനുണ്ട്. പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ 1, 2നമ്പർ കടമുറികൾ യഥാക്രമം 5172 ,1847 രൂപയ്ക്ക് ബ്ലസ്സി ജോർജ്ജിനും, മാർക്കറ്റ് സ്റ്റാളിലെ 1 നമ്പർ മുറി 1214/- രൂപയ്ക്ക് സുജാതകുമാർ എന്ന വ്യക്തിക്കും വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തികളിൽ നിന്നും വാടകയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. ശ്രീമതി. ബ്ലസ്സിജോർജ്ജ് മുൻകൂർ നൽകിയ തുകയിൽ നിന്നും വാടക ഈടാക്കുന്നതിനും, സുജാതകുമാറിന് തുക അടവാക്കാൻ നോട്ടീസ് നൽകിയിട്ടുള്ളതായും ബന്ധപ്പെട്ട ജീവനക്കാരൻ മറുപടി നൽകിയിട്ടുണ്ട്. വാടക ഈടാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിനുണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതര വീഴ്ച

2016-17 സാമ്പത്തിക വർഷം വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ 720 പുതിയ അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ 663 പേർക്ക് പെൻഷൻ അനുവദിച്ചു. 34 അപേക്ഷകൾ നിരസിച്ചു. അപേക്ഷാ രജിസ്റ്റർ പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യ്ക്ക് നൽകിയ 23 അപേക്ഷകൾ അന്വേഷണം നടത്തി നാളിതുവരെ

തിരികെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകൾ അന്വേഷണത്തിനായി നൽകിയ തീയതി | എണ്ണം |
|---|---|
| 28-2-2017 | 8 |
| 03.04.2017 | 15 |

പെൻഷൻ അപേക്ഷകളിന്മേൽ 45 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം 23 വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതരമായ കാലതാമസമാണ് വരുത്തിയിരിക്കുന്നത്. ആയതിനാൽ അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും അപേക്ഷകളിന്മേൽ അന്വേഷണം നടത്തി തിരികെ വാങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - മുൻ വർഷങ്ങളിലെ കോഴ്സ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നു.

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം (14പേർക്ക്) നടത്തിയതിന് 502600 രൂപ (14@35900) ബിൽ നം.1/16-17/14.01.16 പ്രകാരം പിൻവലിച്ച് കെൽട്രോണിന് നൽകിയിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 2015-16 ലെ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിലാണ് ലാപ് ടോപ്പ് അനുവദിച്ചിരിക്കുന്നത്. കൂടാതെ ഇവർക്ക് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ അനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. താഴെ പറയുന്നവർ 2015-16 ൽ കോഴ്സ് പൂർത്തീകരിച്ചിട്ടുള്ളവരാണ്. 2016-17 -ൽ ഇവർ അർഹരാണോയെന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | ലാപ്പ്ടോപ്പ് നമ്പർ | കോഴ്സ് സർട്ടിഫിക്കറ്റിന്റെ വിവരം |
|---|---|---|---|
| 1 | ഹിമ പി.എം | SNID 54302202876 | ഗവ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ 30.12.15 ലെ സർട്ടിഫിക്കറ്റ് പ്രകാരം 2013 മുതൽ റിസേർച്ച് സ്കോളാർ ആയിരുന്നു |
| 2 | അനുമോൻ സി ഗോപി | SNID 54302244576 | വെണ്ണിക്കുളം ഗവ.പോളിടെക്നിക് കോളേജിന്റെ 30.10.15 ലെ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം കോഴ്സ് കാലാവധി (diploma in computer engineering) 09.08.12 മുതൽ 31.03.2015 വരെയായിരുന്നു. |
| 3 | ആതിര സുരേന്ദ്രൻ | SNID 54302246076 | തിരുവനന്തപുരം മോഹൻദാസ് എഞ്ചിനീയറിംഗ് |

| | | | |
|---|---|---|---|
| | | | കോളേജിന്റെ 22.08.15 ലെ കോഴ്സ് സർട്ടിഫിക്കറ്റ് (B tech biotechnology) പ്രകാരം കോഴ്സ് കാലാവധി 2011മുതൽ 2015 വരെയായിരുന്നു. |
| 4 | കാവ്യ രാജേന്ദ്രൻ | SNID 54302248176 | തിരുവല്ല നമ്പൂതിരീസ് കോളേജിന്റെ 27.01.16 ലെ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം കോഴ്സ് കാലാവധി (Mcom) 2013മുതൽ 2015 വരെയായിരുന്നു. |
| 5 | പ്രഭുദേവ് ജോസ് | SNID 543022 | തിരുവനന്തപുരം ഗവ നേഴ്സിംഗ് കോളേജിന്റെ 29.09.2015ലെ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം കോഴ്സ് കാലാവധി (ജനറൽ നഴ്സിംഗ് & മിഡ് വൈഫറി) 25.09.2014 മുതൽ 3 ½ വർഷം വരെയായിരുന്നു. |
| 6 | കാർത്തിക പി.ഒ | SNID 54302247376 | തിരുവല്ല സെന്റ് മേരീസ് കോളേജ് ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ 18.01.16 ലെ കത്ത് പ്രകാരം 2014-15 ൽ അഡ്മിഷൻ (B.ed) എടുത്തു |
| 7 | ബിന്ദുമോൾ പി.ബി | SNID 54302253576 | തിരുവല്ല സെന്റ് മേരീസ് കോളേജ് ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ 13.01.16 ലെ കത്ത് പ്രകാരം 2014-15 ൽ അഡ്മിഷൻ (B.ed) എടുത്തു |

ഇവരുടെ അർഹത വ്യക്തമല്ലാത്ത സാഹചര്യത്തിൽ 251300 (7@35900)രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ലഭ്യമാക്കി ഇവരുടെ അർഹത ഉറപ്പ് വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ബ്ലോക്ക് വിഹിതം തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു

2013-14 സാമ്പത്തിക വർഷം ബ്ലോക്ക് വിഹിതമായി ലഭിച്ച താഴെ പറയുന്ന തുകകൾ ഇപ്പോഴും തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു.

| തുക | രസീത് നം,തീയതി |
|---|---|
| 9357 | 11303400017/26.03.14 |

| | |
|---|---|
| 115643 | 11303400018/26.03.14 |

ശിങ്കാരിമേളം എന്ന പദ്ധതിക്കായി ലഭിച്ച തുകയാണിത്. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-3 വനിതാ വിപണന കേന്ദ്രം അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ - 3.89 ലക്ഷം രൂപ ജലരേഖയായി

പ്രോ.നം.29/17

കരാർ നം/തീ - 37/AE/18.01.2016

കൺവീനർ - ബേബി കെ ഫിലിപ്പ്

വനിതാ വിപണന കേന്ദ്രം അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ എന്ന പദ്ധതിക്കായി 389306 (220576/-ബിൽ നം.15/06.03.17, 168730/-ബിൽ നം.16/16.03.16) രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മുറികളിൽ ഫോൾസ് സീലിംഗ്, ടൈൽ പാകൽ, ജനലുകൾക്ക് വാതിലുകൾ സ്ഥാപിക്കൽ, റൂഫിംഗ് എന്നിവ ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. 02.08.17 ൽ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ വനിതാ വിപണന കേന്ദ്രത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പൊടിപിടിച്ചതും പൊട്ടിപ്പൊളിഞ്ഞതുമായ കെട്ടിടത്തിന്റെ വാതിലുകളെല്ലാം അഴിച്ചുമാറ്റപ്പെട്ട അവസ്ഥയിലാണ്. കെട്ടിടത്തിനുള്ളിലേക്ക് കയറുവാൻ കഴിയാത്ത അവസ്ഥയിൽ പ്രാവിൻ കാഷ്ഠം, മാറാല എന്നിവയാൽ നിറഞ്ഞിരിക്കുന്നു. അടുക്കള, ഹാൾ, ഒരു മുറി, ബാത്ത് റൂം എന്നിവ ഉൾപ്പെടെ ടൈൽ പാകിയ പഴയ കെട്ടിടമാണ്. സ്റ്റെയർകേസിലെ ടൈലുകൾ പൊട്ടിക്കിടക്കുന്നു. എം ബുക്കിൽ (എം ബുക്ക് നം രേഖപ്പെടുത്തിയിട്ടില്ല) മൂല്യനിർണ്ണയം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടില്ല എന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു.

| ഇനം നം. | ഇനം | എം ബുക്കിൽ രേഖപ്പെടുത്തിയ അളവ് | അനുവദിച്ച തുക | സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട അളവ് | അർഹമായ തുക | അധിക ചെലവ് |
|---|---|---|---|---|---|---|
| 9 | Providing powder coated aluminium for ceiling work | 1x6.4x4.3= 27.52 1x4.7x3.15= 14.805 1x3.4x4.10= 13.94 1x5x2.4=12 | 68.26@573.10/$m^2$= 39122.67 | 1x6.4x4.3= 27.52 1x4.7x3.15= 14.805 1x3.4x4.10= 13.94 56.265 | 56.265 @573.10/$m^2$ = 32245.47 | 12$m^2$@573.10/ $m^2$ =6877 |
| 8 | Providing and fixing false ceiling | 1x6.4x4.3=27.52 1x4.7x3.15=14.805 1x3.4x4.10=13.94 1x5x2.4=12 | 68.26@553.25/$m^2$= 37767.61 | 1x6.4x4.3= 27.52 1x4.7x3.15= 14.805 1x3.4x4.10= 13.94 | 56.26 @ 553.25/$m^2$ 31128.61 | 12$m^2$@553.25/ $m^2$ =6639 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 56.265 | | |
| 10 | Providing and fixing ceramic floor tiles | 35.205 $m^2$ | 35.205 $m^2$@926.63/$m^2$= 32622 | 13.47$m^2$ | 13.47 $m^2$@ 926.63/$m^2$ = 12481.70 | 21.735@ 926.63/$m^2$ = 20140 |
| | | | | | | 33656 |

ഇത് കൂടാതെ എസ്റ്റിമേറ്റിൽ ഇനം 11 ആയി (DSR vol I, item 10.30.1) providing and fixing glass panes with putty and glazing clip in steel door, windows all complete എന്ന ഇനത്തിന് 4.50$m^2$ @936.95/$m^2$=4216 ആയിരുന്നു. എന്നാൽ എം. ബുക്കിൽ providing and fixing glazed aluminium door 10.80$m^2$ @ 1640.41/$m^2$ =17224.30 എന്ന രീതിയിലാണ് മൂല്യനിർണ്ണയം നടത്തിയിരിക്കുന്നത്. DSRൽ glazed aluminium door ന്റെ നിരക്കില്ല. നിരീക്ഷണ ഡാറ്റാ ഓഡിറ്റിൽ ഹാജരാക്കിയില്ല. സ്ഥലപരിശോധനയിൽ അലുമിനിയം/സ്റ്റീൽ ഫ്രെയിമില്ലുള്ള ഗ്ലാസ് ജനൽ ആണെന്ന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നൽകിയ നിരക്ക് 13008 (17224.30 -4216 ) രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

നിലവിൽ ടി കെട്ടിടത്തിൽ വനിതാ വിപണന കേന്ദ്രം പ്രവർത്തിക്കുന്നില്ല എന്ന് കണ്ടു. രണ്ട് വർഷം മുൻപ് തന്നെ റോഡ് വികസന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കെട്ടിടം മെയിന്റനൻസിന് തുക ചെലവഴിക്കാനുണ്ടായ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/03.08.17) മറുപടി ഹാജരാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തികൾക്ക് ചെലവഴിച്ച 46664 (33656+ 13008 )രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച തുക കഴിച്ചുള്ള 342642 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പരിയത്ത് പടി വട്ടോലിപ്പടി റോഡ് കോൺക്രീറ്റിംഗ്-അപാകതകൾ

പ്രോ.നം.76/17

കരാർ നം/തീ - 11/AE/04.03.2017

കൺവീനർ - തമ്പി.പി.ഐ

എം ബുക്ക് നം.92/16-17

1. നികുതി തുകകൾ ബില്ലിൽ ഉൾപ്പെടുത്തി പിൻവലിച്ചില്ല.

ഈ പ്രവൃത്തിയുടെ എം. ബുക്കിൽ ആകെ മൂല്യം താഴെ പറയും പ്രകാരം കണക്കാക്കിയിരുന്നു.

| | |
|---|---|
| ആകെ മൂല്യം | 497293 |
| നികുതികൾ വാറ്റ് (5%) | (-) 24865 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1% | (-) 4973 |
| ആദായ നികുതി 1% | (-) 4973 |
| കൺവീനർക്ക് അർഹമായ തുക | 462482 |

നികുതി ഉൾപ്പെടെ 497293രൂപ പിൻവലിക്കേണ്ടതിന് പകരം പിൻവലിച്ചത് 462482 (ബിൽ നം.26/31.03.17) രൂപയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.11.2014-ലെ സർക്കുലറിൽ ഫൈനൽ ബില്ലിൽ നിന്നും നിയമാനുസൃതമുള്ള എല്ലാ തിരിച്ചടവുകളും വരുത്തിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. നികുതി ഒടുക്ക് വരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ഗുണഭോക്തൃ സമിതി കണക്കിൽ അധികരിച്ച് തുക പിൻവലിച്ചിരിക്കുന്നു.

ഗുണഭോക്തൃ സമിതി വൗച്ചറുകൾ, വരവ്- ചെലവ് കണക്ക് പ്രകാരം ഈ പ്രവൃത്തിയ്ക്കായി ആകെ ചെലവഴിച്ചത് 400430 രൂപയാണ്.

| | | |
|---|---|---|
| 11/2 " മെറ്റൽ , 9ലോഡ് | 9 x 8000 | 72000 |
| 3/4"മെറ്റൽ , 6ലോഡ് | 6 x 9000 | 54000 |
| എം സാന്റ് , 6ലോഡ് | 6 x 12000 | 72000 |
| മക്ക് | 9 x 5000 | 45000 |
| സിമന്റ് | 332 x 390 | 129480 |
| കൂലി-മൈക്കാട്,മേസ്ത്രി | | 27950 |
| ആകെ | | 400430 |

1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടം 13(6), തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 17.8.99-ലെ ജി.ഒ. (എം.എസ്) 164/99 നം ഉത്തരവ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.11.2014-ലെ 1/1559/2010 സി.ഇ. നം. സർക്കുലർ എന്നിവ പ്രകാരം എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ, ഏതാണോ കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് നൽകേണ്ടത് എന്നിരിക്കെ പിൻവലിച്ചത് 462482 രൂപയാണ്. അധികമായി ചെലവഴിച്ച 62052 രൂപ (462432 – 400430) കൺവീനറിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതാണ്. ഗുണഭോക്തൃസമിതിയുടെ ആകെ ചെലവിന് അനുസൃതമായി നികുതി കണക്കാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-5 കുടിവെള്ള പദ്ധതി വാർഡ് 8-എം ബുക്കിൽ വെട്ടിത്തിരുത്തലുകൾ

പ്രോ.നം . 19/17

കരാർ നം/തീ - 42/14-15/09.03.15

കൺവീനർ - കെ.ഒ.സാബു

എം ബുക്ക് നം - 209/14-15

ഈ പദ്ധതിക്കായി 2014-15, 2016-17 വർഷങ്ങളിലായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1st part bill | 50000/30.03.15 | |
| Final bill | 45832 | 38083 ബിൽ ക്രമനം, 30/31.3.2017 |
| | 7749 | 7749 ബിൽ ക്രമനം. 29/31.3.2017 |

എസ്റ്റിമേറ്റിൽ 2HP മോട്ടോർ സ്ഥാപിക്കുന്നതിന് 18500 രൂപയായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ സ്ഥാപിച്ചിരിക്കുന്നത് 1.5 HP മോട്ടോറാണ്. എം ബുക്കിൽ 1.5 HP മോട്ടോറിന് @14500 എന്നത് വെട്ടിത്തിരുത്തി @18500 എന്ന് മാറ്റം വരുത്തിയിരിക്കുന്നു. ഇത് കൂടാതെ 5000 ലിറ്റർ പി.വി.സി ടാങ്കിന് 25000 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബില്ല് ഹാജരാക്കിയിട്ടില്ല. ഏത് കമ്പനിയുടെ സാധനങ്ങളാണെന്നും വ്യക്തമല്ല. 1.5 HP മോട്ടോറിന് 2HP യുടെ വില നൽകാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/02.08.17) മറുപടി ഹാജരാക്കിയില്ല. മാർക്കറ്റ് നിരക്കിൽ വാങ്ങിയ സാധനങ്ങളുടെ ബില്ല് ഹാജരാക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 43500 (18500+25000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 അംഗൻവാടി ചുറ്റുമതിൽ നിർമ്മാണം- നികുതി ഒടുക്കിയിട്ടില്ല.

പ്രോ.നം . 26/17

കരാർ നം/തീ - 46/AE/24.02.16

കൺവീനർ - ഷീല.എൻ.എസ്

എം ബുക്ക് നം 46/16-17

57-ാം നമ്പർ അങ്കണവാടി ചുറ്റുമതിൽ നിർമ്മാണത്തിനായി ആകെ മൂല്യം താഴെ പറയും പ്രകാരം കണക്കാക്കിയിരുന്നു.

| | |
|---|---|
| ആകെ മൂല്യം | 55597 |
| വാറ്റ് | 2780 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 556 |
| | 58933 |

എന്നാൽ ബിൽ നം.27/31.03.17 പ്രകാരം പിൻവലിച്ചത് 55041രൂപയാണ്. നികുതി ഒടുക്ക് വരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 കട്ടവംപാറ കുടിവെള്ള പദ്ധതി- മൂല്യനിർണ്ണയത്തിൽ അധികരിച്ച് തുക പിൻവലിച്ചു

പ്രോ.നം .20/17

കരാർ നം/തീ - 27/19.02.14

കൺവീനർ -രാജപ്പൻ

എം ബുക്ക് നം - 27(a)/13-14

2013-14 ൽ കരാർ ചമച്ച പ്രവൃത്തിയ്ക്ക് 13-14,16-17 വർഷങ്ങളിലായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2013-14 | 256496/29.03.14 |
| 16-17 | 123000/29.09.16 |

കടുവംപാറ കുടിവെള്ള പദ്ധതിയുടെ ഫൈനൽ ബില്ലായി താഴെ പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ മൂല്യം | 116107.10 |
| വാറ്റ് | 1610 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 1161 |
| | 123000 (ബിൽ നം.2/29.09.16) |

പ്രവൃത്തിയുടെ ആകെ മൂല്യം 116107.10 എന്ന രീതിയിലാണ് തുക കണക്കാക്കിയിരിക്കുന്നത്. എന്നാൽ കൂട്ടിനോക്കുമ്പോൾ ആകെ തുക 113406.10 ആണ്. അധികമായി ചെലവഴിച്ച തുക തിരികെ ഒടുക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/02.08.17) മറുപടി ഹാജരാക്കിയില്ല. അധികമായി ചെലവഴിച്ച 2701രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## 3-8 മറ്റു വകുപ്പുകളിൽ/സർക്കാരിലേക്ക് ഒടുക്കേണ്ടുന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ നിലനിൽക്കുന്നു.

ഷെഡ്യൂൾ ബി-9 പത്രിക പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ മറ്റു വകുപ്പുകളിൽ/സർക്കാരിലേക്ക് ഒടുക്കേണ്ടുന്ന തുകകൾ ഇതേ വരെയും ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല.

| ഇനം | തുക |
|---|---|
| വാറ്റ് | 6763 |
| Other dues(ലൈബ്രറി സെസ്സ്) | 42074 |

വാറ്റ് ഇനത്തിലുള്ള തുക വാണിജ്യനികുതി വകുപ്പിലും ലൈബ്രറി സെസ്സ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലും ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 പദ്ധതി വിഹിതം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | കന്നുകുട്ടി പരിപാലനം, SO 104/17 |
| അടങ്കൽ തുക | 200000 (വികസന ഫണ്ട്) |
| ചെലവ് തുക | 156250, Bill No. 05/16-17/ 22.03.17 |

കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 25 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതമായ 156250 രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായി ഐ.സി.ഡി.പി.പ്രോജക്ട് ഓഫീസർക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 27.03.2017-ൽ 143650 രൂപ ഐ.സി.ഡി.പി.പ്രോജക്ട് ഓഫീസറുടെ TSB അക്കൗണ്ടിലേക്ക് (നം.705021400000023) കൈമാറിയതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ബാക്കി

തുകയായ 12600 രൂപ കൈമാറിയതിന്റെ വിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 03.08.2017-ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയിൽ 12600 രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ടി തുക ഐ.സി.ഡി.പി. പ്രോജക്ട് ഓഫീസർക്ക് കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-10 പദ്ധതി വിഹിതം കൈമാറാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നു

ജി.ഒ. (പി) 177/2006.ധന. തീയതി. 12.04.2006 -ലെ സർക്കാർ ഉത്തരവ് പ്രകാരം പദ്ധതിപ്പണം പിൻവലിച്ച് 30 ദിവസത്തിനു മുകളിൽ ചെലവഴിക്കാതെ കൈവശം സൂക്ഷിക്കുവാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി പി.എം.എ.വൈ(ജനറൽ) പദ്ധതിയ്ക്കുവേണ്ടി ഗ്രാമപഞ്ചായത്ത് വിഹിതമായി ബ്ലോക്ക് പഞ്ചായത്തിന് നൽകുവാൻ തനത് ഫണ്ടിൽ നിന്ന് പിൻവലിച്ചിട്ടുള്ള 20000 രൂപയുടെ ചെക്ക് (ചെക്ക് നം.3120454 തീയതി 30.03.17) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറാതെ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കൈവശം സൂക്ഷിച്ചിരിക്കുകയാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ചെക്ക് നൽകിയിട്ടുള്ളത്. എന്നാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ബാങ്ക് അക്കൗണ്ടോ ട്രഷറി ടി.എസ്.ബി അക്കൗണ്ടോ നിലവിലില്ലാത്തതിനാൽ ടി ചെക്ക് മാറി തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നാളിതുവരെ നൽകുവാൻ സാധിച്ചിട്ടില്ല.

ടി വിഷയത്തിൽ അടിയന്തിരമായി നടപടി സ്വീകരിച്ച് തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-11 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | | | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | | | |
|---|---|---|---|---|---|---|
| സ്പിൽ ഓവർ | പുതിയത് | ആകെ | സ്പിൽ ഓവർ | പുതിയത് | ആകെ | ചെലവ് ശതമാനം |
| 19 | 37 | 56 | 17 | 15 | 32 | 57% |

1. എല്ലാ പദ്ധതികളും ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്നതിനാൽ ടെണ്ടർ സേവിംഗ്സ് ലഭിക്കുന്നില്ല.

തൻവർഷം അംഗീകാരം ലഭിച്ച 56 പദ്ധതികളിൽ 54 എണ്ണവും ഗുണഭോക്തൃസമിതി ആണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. രണ്ടെണ്ണം ഇ-ടെണ്ടർ ആയിരുന്നു. മറ്റ് പ്രവൃത്തികൾക്ക് കൂടി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ ടെണ്ടർ സേവിംഗ്സ് ലഭിക്കുന്ന തുകകൾ ഉപയോഗിച്ച് മറ്റു പദ്ധതികൾക്ക് തുക കണ്ടെത്താമായിരുന്നു.

2. കരാർ രജിസ്റ്റർ അപൂർണ്ണം

37 പുതിയ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 26 പദ്ധതികളുടെ പേര് കരാർ രജിസ്റ്ററിൽ എഴുതിയിട്ടുണ്ട്. എന്നാൽ ചിലതിൽ കരാറുകാർ/ കൺവീനർമാരുടെ പേരില്ല, മറ്റു ചിലതിലാവട്ടെ കരാർ നമ്പറും തീയതിയുമില്ല. അസി എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തലുകളില്ലാത്ത വിവരങ്ങൾ അപൂർണ്ണമായ രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3. കരാർ രേഖകൾ അപൂർണ്ണം

പല പ്രവൃത്തികളുടെ ഫയലിലും മുദ്രപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കരാർ ചമച്ചിട്ടില്ല. കരാർ നമ്പർ,

തീയതി എന്നിവ പോലും പലതിലുമില്ല. ടെണ്ടർ രജിസ്റ്റർ, കാഷ് ബുക്ക് എന്നിവ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

4. ഗുണഭോക്തൃസമിതി രേഖകൾ പൂർണ്ണമല്ല -ബിനാമി കരാർ ഇടപാട്

ഗുണഭോക്തൃസമിതി കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിൽ ആരംഭിക്കേണ്ട സംയുക്ത അക്കൗണ്ട് ഒരു പ്രവൃത്തിയിലും ആരംഭിച്ചിട്ടില്ല. പല പ്രവൃത്തികളിലും ഗുണഭോക്തൃസമിതിയുടെ ആദ്യ യോഗത്തിന്റെ മിനിറ്റ്സ് മാത്രമാണുള്ളത്. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നില്ല. മാർക്കറ്റിൽ നിന്നും വാങ്ങേണ്ടുന്ന പല സാധനങ്ങളുടേയും ബില്ലുകൾ, മസ്റ്റർ റോൾ, മറ്റ് വൗച്ചറുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ പ്രകാരം വളരെ അശ്രദ്ധമായ രീതിയിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ കൈകാര്യം ചെയ്യുന്നത്. ഇത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത്തരം പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-12 ആശുപത്രികൾക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

പ്രാഥമിക ആരോഗ്യ കേന്ദ്രം, ആയുർവ്വേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് യഥാക്രമം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്, ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ വിവരം/പ്രോ.നം | മുൻകൂറായിനൽകിയ തുക/ബിൽ നം | ലഭിയ്ക്കുവാനുള്ള മരുന്ന് (രൂപയിൽ) സ്ഥാപനം |
|---|---|---|---|
| 1 | പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ, 37/16-17 | 100000 (റോഡിതര മെ.ഫണ്ട്) Bill No.07/16-17 /16.03.17 | 100000/- KMSCL |
| 2 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ, 46/16-17 | 50000 (റോഡിതര മെ.ഫണ്ട്) Bill No.01/16-17 /28.01.17 | 50000/- HOMCO |
| 3 | ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ, 48/16-17 | 300000(റോഡിതര മെ.ഫണ്ട്) Bill No.01/16-17/ 30.01.17 Bill No.02/16-17/ 18.03.17 | 119383/- ഔഷധി |
| ആകെ | | | 269383/- |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 180000 | നെൽകൃഷി വികസനം | 180000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 50000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50000 | തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകി |
| ആകെ | | 230000 | | 230000 | |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | വൗച്ചർ നം/ തീയതി | നിർവ്വഹണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 75/16-17 | സ്ട്രീറ്റ് വാട്ടർ ലൈൻ എക്സ്റ്റൻഷൻ (വാർഡ്-7) | 233000/- | 21600577 21600578 21600579 തീ.30.03.17 | കേരള വാട്ടർ അതോറിറ്റി | പൂർത്തീകരണ വിവരം ലഭ്യമല്ല |
| 2 | 61/16-17 | വൈദ്യുതി ലൈൻ നീട്ടൽ-3 | 492047/- | 21600935 21600936 21600951 തീ.30.03.17 | കെ.എസ്.ഇ.ബി | പൂർത്തീകരണ വിവരം ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെയും തിരിച്ചടവിന്റേയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇല്ല | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേര് | രസീത് നം |
|---|---|---|---|---|
| 2015-16 | 3-5 | 6750/- | സഞ്ജു ജോസഫ് | 11603101836-01.11.2016-3500/-രൂപ 11603102107-01.11.2016-3250/-രൂപ |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 2-4 | 2012-13 | 2 | ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 37766462/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31411285/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 111417 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 650042 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 46664 | ശ്രീമതി.പ്രമീള, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 62052 | |
| 3-7 | | 2701 | |
| ആകെ | | 111417 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 251300 | ശ്രീമതി.ശ്രീദേവി.എസ്.കെ, എച്ച്.എം |
| 3-3 | 342642 | ശ്രീമതി.പ്രമീള, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 43500 | ശ്രീമതി.പ്രമീള, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | 12600 | ശ്രീമതി.ഷീജ, വെറ്ററിനറി സർജൻ |
| ആകെ | 650042/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| ഖ. 3-8 | 6763 | വാറ്റ് | ബിന്ദു.എം. ജോയി, സെക്രട്ടറി |
| | 42074 | ലൈബ്രറി സെസ് | |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.പ്രമീള | അസിസ്റ്റന്റ് എഞ്ചിനീയർ,കുറ്റൂർ | കൊച്ചുപറമ്പ്,മിത്രക്കരി,ആലപ്പുഴ |
| ശ്രീമതി.ശ്രീദേവി.എസ്.കെ, | എച്ച്.എം, ഗവ. എൽ.പി.എസ്. പാണ്ടിശ്ശേരി. കുറ്റൂർ | വെൺമണി തുണ്ടത്തിൽ,കുളനട.പി.ഒ,പന്തളം |
| ശ്രീമതി.ഷീജ, | വെറ്ററിനറി സർജൻ, മയ്യനാട് ഗ്രാമപഞ്ചായത്ത്, കൊല്ലം | കല്ലുവിള, നെടുങ്ങാനം പി.ഒ. കൊല്ലം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.പിറ്റി.എ/പി3/395/98 തീ.11.1.2000/13.3.2000 |
| 1997-98 | എൽ.എഫ്.പിറ്റി.എ/പി3/587/98 തീ.24.3.2000/10.10.2000 |
| 1998-99 | എൽ.എഫ്.പിറ്റി.എ/പി3/455/01 തീ.9.11.2001/25.1.2002 |
| 1999-2000 | എൽ.എഫ്.പിറ്റി.എ/പി4/610/02 തീ.03.3.2003/19.4.2003 |
| 2000-01 | എൽ.എഫ്.പിറ്റി.എ/പി4/289/03 തീ.09.10.2003/16.12.2004 |
| 2001-02 | എൽ.എഫ്.പിറ്റി.എ/പി4/582/04 തീ.14.10.2004/14.2.2005 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റി.എ/പി8/535/06 തീ.04.10.2006/06.8.2007 |
| 2003-04 | എൽ.എഫ്.പിറ്റി.എ/പി5/565/08 തീ.30.5.2009 |
| 2004-05 | എൽ.എഫ്.പിറ്റി.എ/പി5/566/08 തീ.30.5.2009 |
| 2005-06 | എൽ.എഫ്.പിറ്റി.എ/പി6/251/09 തീ.10.8.2009 |
| 2006-07 | എൽ.എഫ്.പിറ്റി.എ/പി11/171/11 തീ.30.11.2011 |
| 2007-08മുതൽ 2009-10 വരെ | എൽ.എഫ്.പിറ്റി.എ/പി11/821/12 തീ.19.10.2012/22.3.2013 |

| | |
|---|---|
| 2010-11മുതൽ<br><br>2012-13 വരെ | എൽ.എഫ്.പിറ്റി.എ/പി11/1055/13 തീ.16.10.2014 |
| 2013-14മുതൽ<br><br>14-15 വരെ | കെ.എസ്.എ.പി.റ്റി.എ.പി4/295/16 തീ.28.3.16/1.4.16 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി4/1115/16/5.10.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട ജില്ല

# Annexure - 1

# CERTIFICATE

No.KSAPTA-P4./1031/2017 Dated 15/09/2017

Certified that I have examined the Annual Financial Statement of Kuttoor Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kuttoor Grama Panchayat for the year 2016-17, except the observations in my report, properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.4./1031/17 തീയതി 15.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ

പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട